**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4131** — **18-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഒ . ആർ. കേളു** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും സൗജന്യമായി മികച്ച ചികിത്സാ സൗകര്യമൊരുക്കുന്നതിനുള്ള മെഡിസെപ് പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; പദ്ധതിയിൽ എത്ര പേർ ഗുണഭോക്താക്കളായുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; | (എ) | 2022 ജൂലൈ ഒന്ന് മുതൽ മെഡിസെപ് പദ്ധതി പ്രാബല്യത്തിൽ ആയിട്ടുണ്ട്. പദ്ധതിയിൽ 10 ലക്ഷത്തിലധികം വരുന്ന ജീവനക്കാരും പെൻഷൻകാരും, അവരുടെ ആശ്രിതരും ഉൾപ്പെടെ ഏകദേശം 30 ലക്ഷം പേരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളെയെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്താനായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | **ആശുപത്രികളുടെ എംപാനൽമെന്റ് സംബന്ധിച്ച് Request For Proposal (RFP) -യിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് വിവിധ ക്ലസ്റ്ററുകളിൽ (ജില്ലകളെ അടിസ്ഥാനമാക്കി) വിവിധ കാറ്റഗറികളിലുള്ള (പദ്ധതിയിലുൾപ്പെട്ടിരിക്കുന്ന 1920 അടിസ്ഥാന ചികിത്സാ പ്രക്രിയകൾക്കും ഗുരുതര രോഗങ്ങൾക്കും അവയവമാറ്റ ശസ്ത്രക്രിയകൾക്കും പ്രയോജനപ്പെടുന്ന) പൊതു/സ്വകാര്യ ആരോഗ്യ ശൃംഖലകളിലെ 396 (253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളും) ആശുപത്രികളെയാണ് പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി എംപാനൽ ചെയ്തിട്ടുള്ളത്. പദ്ധതിയുടെ കാലാവധിയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പുതിയതായി വരുന്ന ആശുപത്രികളെ എംപാനൽ ചെയ്യാൻ കഴിയുന്നതാണ്. എന്നാൽ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന ഇനിയും പദ്ധതിയിൽ ചേരാത്ത സംസ്ഥാനത്തെ ചില മുൻനിര ആശുപത്രികളെ കൂടി പദ്ധതിയിൽ** |

| | | | |
|---|---|---|---|
| | | | **ഉൾപ്പെടുത്തുവാനുള്ള ശ്രമങ്ങൾ സർക്കാർ തലത്തിൽ നടത്തി വരികയാണ്.** |
| (സി) | സംസ്ഥാനത്തിന് പുറത്ത് ചികിത്സ തേടേണ്ട സാഹചര്യം കൂടി പരിഗണിച്ച് പ്രധാന നഗരങ്ങളിലെ ആശുപത്രികളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | സംസ്ഥാനത്തിന് പുറത്തുള്ള ചെന്നൈ, കോയമ്പത്തൂർ, ഡൽഹി, കന്യാകുമാരി, മുംബൈ, മാംഗ്ലൂർ, സേലം, തിരുപ്പൂർ എന്നീ നഗരങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളെ കൂടെ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. |
| (ഡി) | അവയവ മാറ്റം പോലുള്ള ചെലവേറിയ ചികിത്സകൾക്കുള്ള സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | **അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ